(ഡി) പിരിച്ചുവിട്ട ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിക്കുകയുണ്ടായി. കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും 16-8-2005-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർടി) നമ്പർ 403/05/സാക്ഷേവ. പ്രകാരം അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം 100 രൂപ കൂടി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്യുകയുണ്ടായി.

(ഡി) അംഗൻവാടി ജീവനക്കാർ ഓണറേറിയം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സാമൂഹ്യ പ്രവർത്തകരാണ്. ഇവരുടെ സേവനം അവസാനിപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ ഒഴിവുള്ള തസ്തികകൾ

36 [974] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ ഒഴിവു വന്ന അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച് ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞുവോ എന്ന് വ്യക്തമാക്കുമോ ;

(സി) തയ്യാറാക്കി കഴിഞ്ഞുവെങ്കിൽ ഈ ലിസ്റ്റ് പ്രകാരം ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം എന്താണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഇന്റർവ്യൂ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ബാലുശ്ശേരി ഐ.സി.ഡി.എസ്.-ലെ അംഗൻവാടി പ്രവർത്തകരുടെ സെലക്ട് ലിസ്റ്റിന്റെ സാധ്യതയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) 35945 നമ്പർ കേസ് നിലവിലുണ്ട്. കേസിന്റെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ ലിസ്റ്റ് അംഗീകരിച്ച് നൽകാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly